# ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016

ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

ചുരുക്കപ്പേരും പ്രാരംഭവും

1. (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശത്തിന് ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

പുതിയ അനുച്ഛേദം 246 ക ചേർക്കൽ

2. ഭരണഘടനയുടെ 246-ാം അനുച്ഛേദത്തിനുശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

ചരക്ക്-സേവന നികുതി സംബന്ധിച്ച പ്രത്യേക വ്യവസ്ഥ

"246 ക.(1) 246-ഉം 254-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെയടങ്ങിയിരുന്നാലും, പാർലമെന്റിനും, (2)-ാം ഖണ്ഡത്തിന് വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിനും, യൂണിയനോ അങ്ങനെയുള്ള സംസ്ഥാനമോ ചുമത്തുന്ന ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അന്തർസംസ്ഥാന വ്യാപരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ സാധനങ്ങളുടെയോ സേവനങ്ങളുടേയോ

അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം നടക്കുന്നിടത്ത് ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അനന്യാധികാരം പാർലമെന്റിന് ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം.- ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക്, 279ക അനുച്ഛേദത്തിന്റെ (5)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ചരക്ക്-സേവന നികുതിയെ സംബന്ധിച്ച്, ചരക്ക്-സേവന നികുതി കൗൺസിൽ ശിപാർശ ചെയ്ത തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.''.

3. ഭരണഘടനയുടെ 248-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, ''പാർലമെന്റിന്'' എന്ന വാക്കിനുപകരം ''246ക അനുച്ഛേദത്തിന് വിധേയമായി, പാർലമെന്റിന്'' എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 248-ാം അനുച്ഛേദത്തിന്റെ ഭേദഗതി

4. ഭരണഘടനയുടെ 249-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, ''പ്രമേയം വഴി'' എന്ന വാക്കുകൾക്കുശേഷം ''246 ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതി'' എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 249-ാം അനുച്ഛേദത്തിന്റെ ഭേദഗതി

5. ഭരണഘടനയുടെ 250-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, ''പാർലമെന്റിന്'' എന്ന വാക്കിനുശേഷം ''246 ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതി അല്ലെങ്കിൽ'' എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 250-ാം അനുച്ഛേദത്തിന്റെ ഭേദഗതി

6. ഭരണഘടനയുടെ 268-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, ''ഔഷധീയവും ചമയസംബന്ധവുമായ തയ്യാറിപ്പുകളിന്മേലുള്ള അങ്ങനെയുള്ള എക്സൈസ് തീരുവകളും'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്. 268-ാം അനുച്ഛേദത്തിന്റെ ഭേദഗതി

7. ഭരണഘടന (എൺപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2003-ന്റെ 2-ാം വകുപ്പ് പ്രകാരം ചേർത്ത ഭരണഘടനയിലെ 268ക അനുച്ഛേദം 268 ക അനുച്ഛേദം വിട്ടുകളയൽ

വിട്ടുകളയേണ്ടതാണ്.

8. ഭരണഘടനയുടെ 269-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, "ചരക്കു കയറ്റി അയയ്ക്കുന്നതിന്മേലുള്ള" എന്ന വാക്കുകൾക്കു ശേഷം "269ക അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

269-ാം അനുച്ഛേദത്തിന്റെ ഭേദഗതി

9. ഭരണഘടനയുടെ 269-ാം അനുച്ഛേദത്തിനുശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

പുതിയ അനുച്ഛേദം 269 ക ചേർക്കൽ

"269 ക. (1) അന്തർസംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ വിതരണത്തിൻമേലുള്ള ചരക്ക്-സേവന നികുതി ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും അങ്ങനെയുള്ള നികുതി, ചരക്ക്-സേവന നികുതി കൗൺസിലിന്റെ ശിപാർശകളിന്മേൽ പാർലമെന്റ്, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്ന രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കുമിടയിൽ വീതിക്കേണ്ടതുമാണ്.

അന്തർസംസ്ഥാന വ്യാപാരത്തിന്റേയോ വാണിജ്യത്തിന്റേയോ ഇടയിൽ ചരക്ക്-സേവന നികുതി ചുമത്തലും പിരിക്കലും

വിശദീകരണം.- ഈ ഖണ്ഡത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി, ഭാരത ഭൂപ്രദേശത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനിടയിലുള്ള ചരക്കുകളുടേയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം അന്തർസംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണമായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഒരു സംസ്ഥാനത്തിന് വീതിച്ചു കൊടുത്ത തുക ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല.

(3) 1-ാം ഖണ്ഡപ്രകാരം നികുതിയായി ചുമത്തിപിരിച്ചെടുത്ത തുക 246ക അനുച്ഛേദപ്രകാരം ഒരു സംസ്ഥാനം ചുമത്തിയ നികുതി നൽകുന്നതിനായി ഉപയോഗിക്കുന്നിടത്ത്, അങ്ങ

നെയുള്ള തുക ഭാരതത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമാകുന്നതല്ല.

(4) 246ക്ക അനുച്ഛേദപ്രകാരം ഒരു സംസ്ഥാനം നികുതിയായി ചുമത്തിപിരിച്ചെടുത്ത തുക (1)-ാം ഖണ്ഡപ്രകാരം ചുമത്തപ്പെട്ട നികുതി നൽകുന്നതിനായി ഉപയോഗിക്കുന്നിടത്ത്, അങ്ങനെയുള്ള തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല.

(5) പാർലമെന്റിന്, നിയമം മുഖേന, അന്തർസംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണസ്ഥലവും, വിതരണം എപ്പോഴാണെന്നും നിശ്ചയിക്കുന്നതിനുള്ള തത്വങ്ങൾ രൂപീകരിക്കാവുന്നതാണ്.''.

10. ഭരണഘടനയുടെ 270-ാം അനുച്ഛേദത്തിൽ,- 270-ാം അനുച്ഛേദത്തിന്റെ ഭേദഗതി

(i) (1)-ാം ഖണ്ഡത്തിൽ ''268-ഉം 268-ക്ക-യും 269-ഉം അനുച്ഛേദങ്ങളിൽ'' എന്ന വാക്കുകൾക്കും അക്കങ്ങൾക്കും അക്ഷരത്തിനും പകരം ''268-ഉം 269-ഉം 269ക്ക-യും അനുച്ഛേദങ്ങളിൽ'' എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

(ii) (1)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

''(Iക്ക) 246ക്ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം യൂണിയൻ പിരിച്ച നികുതി കൂടി (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്.

(Iഖ) 246ക്ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്ര

കാരം യൂണിയൻ ചുമത്തിയ നികുതി നൽകുന്നതിനായി ഉപയോഗിച്ചിട്ടുള്ളതായ, 246 ക അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡപ്രകാരവും 269 ക അനുച്ഛേദപ്രകാരവും യൂണിയൻ ചുമത്തിയതും പിരിച്ചതുമായ നികുതിയും, 269 ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം യൂണിയന് വീതിച്ചുകൊടുത്ത തുകയും കൂടി, (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്.".

271-ാം അനുച്ഛേദത്തിന്റെ ഭേദഗതി

**11.** ഭരണഘടനയിലെ 271-ാം അനുച്ഛേദത്തിൽ, "ഏത് സമയത്തും" എന്ന വാക്കുകൾക്കുശേഷം "246 ക അനുച്ഛേദപ്രകാരമുള്ള ചരക്ക്-സേവന നികുതി ഒഴികെ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

പുതിയ അനുച്ഛേദം 279 ക ചേർക്കൽ

**12.** ഭരണഘടനയിലെ 279-ാം അനുച്ഛേദത്തിനുശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

ചരക്ക്-സേവന നികുതി കൗൺസിൽ

"279ക. (1) ഭരണഘടനയുടെ (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016-ന്റെ പ്രാരംഭ തീയതി മുതൽ അറുപത് ദിവസത്തിനകം രാഷ്ട്രപതി, ഉത്തരവിനാൽ, ചരക്ക്-സേവന നികുതി കൗൺസിൽ എന്ന് പറയപ്പെടുന്ന ഒരു കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ചരക്ക്-സേവന നികുതി കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:-

(ക) കേന്ദ്ര ധനകാര്യമന്ത്രി ..........ചെയർപേഴ്സൺ;

(ഖ) റവന്യൂവിന്റേയോ ധനകാര്യത്തിന്റേയോ ചുമതലയുള്ള കേന്ദ്രസഹമന്ത്രി ...................... അംഗം;

(ഗ) ഓരോ സംസ്ഥാന സർക്കാരും നാമനിർദ്ദേശം ചെയ്ത ധനകാര്യത്തിന്റെയോ നികുതിചുമത്തലിന്റെയോ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ മറ്റേതെങ്കിലും മന്ത്രി ................. അംഗങ്ങൾ.

(3) (2)-ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചി

ട്ടുള്ള ചരക്ക്-സേവന നികുതി കൗൺസിലിലെ അംഗങ്ങൾ, കഴിയുന്നത്രവേഗം, അവർക്കിടയിൽ നിന്നും ഒരാളെ കൗൺസിലിന്റെ വൈസ്-ചെയർപേഴ്സണായി അവർ തീരുമാനിക്കുന്ന അങ്ങനെയുള്ള കാലയളവിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

(4) ചരക്ക്-സേവന നികുതി കൗൺസിൽ -

(ക) ചരക്ക്-സേവനനികുതിയിൽ ഉൾപ്പെടുത്താവുന്ന, കേന്ദ്രവും സംസ്ഥാനങ്ങളും തദ്ദേശനികായങ്ങളും ചുമത്തിയ നികുതികളും സെസ്സുകളും സർചാർജജുകളും;

(ഖ) ചരക്ക്-സേവന നികുതിക്ക് വിധേയമാക്കാവുന്നതോ അതിൽ നിന്നും ഒഴിവാക്കാവുന്നതോ ആയ സാധനങ്ങളും സേവനങ്ങളും;

(ഗ) മാതൃകാ ചരക്ക്-സേവന നികുതി നിയമങ്ങളും, ചുമത്തുന്നതിന്റെ തത്വങ്ങളും 269 ക അനുച്ഛേദപ്രകാരം അന്തർസംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിൽ വിതരണത്തിന്മേൽ ചുമത്തുന്ന ചരക്ക്-സേവന നികുതികളുടെ വീതംവെയ്ക്കലും വിതരണസ്ഥലത്തെ നിയന്ത്രിക്കുന്ന തത്വങ്ങളും;

(ഘ) വിറ്റുവരവിന്റെ ഏത് പ്രാരംഭ പരിധിക്ക് താഴെയാണോ ചരക്കുകളും സേവനങ്ങളും ചരക്ക്-സേവന നികുതിയിൽ നിന്നും ഒഴിവാക്കപ്പെടാവുന്നതെന്നതും;

(ങ) ചരക്ക്-സേവന നികുതിശ്രേണികളോടുകൂടിയ ഏറ്റവും കുറഞ്ഞ നിരക്കുകൾ ഉൾപ്പെടെയുള്ള നിരക്കുകളും;

(ച) ഏതെങ്കിലും പ്രകൃതി ക്ഷോഭങ്ങൾക്കോ ദുരന്തങ്ങൾക്കോ ഇടയിൽ കൂടുതൽ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു കാലയളവിലേക്കുള്ള ഏതെങ്കിലും പ്രത്യേക നിരക്കും അല്ലെങ്കിൽ നിരക്കുകളും;

(ഛ) അരുണാചൽപ്രദേശ്, ആസ്സാം, ജമ്മു-കാശ്മീർ, മണിപ്പൂർ, മേഘാലയ, മിസ്സോറാം, നാഗാലാന്റ്, സിക്കിം, ത്രിപുര, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥയും;

(ജ) ചരക്ക്-സേവന നികുതിയെ സംബന്ധിച്ച്

കൗൺസിലിന് തീരുമാനിക്കാവുന്ന മറ്റേതെങ്കിലും കാര്യവും, സംബന്ധിച്ച് യൂണിയനും സംസ്ഥാനങ്ങൾക്കും ശിപാർശകൾ നൽകേണ്ടതാണ്.

(5) പെട്രോളിയം ക്രൂഡ്, ഹൈസ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു) പ്രകൃതി വാതകം, ഏവിയേഷൻ ടർബൈൻ ഇന്ധനം എന്നിവയിന്മേൽ ഏത് തീയതി മുതൽക്കാണ് ചരക്ക്-സേവന നികുതി ചുമത്തേണ്ടതെന്ന് ചരക്ക്-സേവന നികുതി കൗൺസിൽ ശിപാർശ ചെയ്യേണ്ടതാണ്.

(6) ഈ അനുച്ഛേദപ്രകാരം നൽകപ്പെട്ടിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ ചരക്ക്-സേവന നികുതി കൗൺസിൽ, ചരക്ക്-സേവന നികുതിക്ക് അനുരൂപമായ ഒരു ഘടനയ്ക്കുവേണ്ടിയും സാധനങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി അനുരൂപമായ ഒരു ദേശീയ കമ്പോളത്തിന്റെ വികാസത്തിന് വേണ്ടിയും ഉള്ള ആവശ്യകതയാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്.

(7) ചരക്ക്-സേവന നികുതി കൗൺസിലിലെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതി അതിന്റെ മീറ്റിംഗുകളിലെ കോറം ആയിരിക്കേണ്ടതാണ്.

(8) ചരക്ക്-സേവന നികുതി കൗൺസിൽ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ നടപടിക്രമം തീരുമാനിക്കേണ്ടതാണ്.

(9) ചരക്ക്-സേവന നികുതി കൗൺസിലിന്റെ ഓരോ തീരുമാനവും ഒരു യോഗത്തിൽ, ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വെയിറ്റഡ് വോട്ടുകളുടെ നാലിൽ മൂന്നിൽ കുറയാത്ത ഭൂരിപക്ഷത്തോടെ, താഴെപ്പറയുന്ന തത്വങ്ങൾക്കനുസൃതമായി എടുക്കേണ്ടതാണ്, അതായത്:-

ആ യോഗത്തിൽ-

(ക) കേന്ദ്ര സർക്കാരിന്റെ വോട്ടിന് ആകെ ചെയ്ത വോട്ടുകളുടെ മൂന്നിൽ ഒന്ന് വെയിറ്റേജ് ഉണ്ടായിരിക്കേണ്ടതും, കൂടാതെ

(ഖ) എല്ലാ സംസ്ഥാന സർക്കാരുകളുടെയും കൂടി ഒന്നിച്ചുള്ള വോട്ടുകൾക്ക് ആകെ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ട് വെയിറ്റേജ് ഉണ്ടായിരിക്കേണ്ടതുമാണ്.

(10) ചരക്ക്-സേവന നികുതി കൗൺസിലിന്റെ യാതൊരു പ്രവർത്തിയോ നടപടികളോ -

(ക) കൗൺസിലിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ഒഴിവിന്റേയോ ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഖ) കൗൺസിലിലെ ഒരംഗമായി ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഗ) കേസിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത കൗൺസിലിന്റെ ഏതെങ്കിലും നടപടി സംബന്ധമായ ക്രമക്കേടിന്റെയോ,

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

(11) ചരക്ക്-സേവന നികുതി കൗൺസിൽ,-

(ക) ഭാരത സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിൽ; അല്ലെങ്കിൽ

(ഖ) ഒരു ഭാഗത്ത് ഭാരത സർക്കാരും ഏതെങ്കിലും സംസ്ഥാനവും അല്ലെങ്കിൽ സംസ്ഥാനങ്ങളും, മറുഭാഗത്ത് ഒന്നോ അതിലധികമോ മറ്റ് സംസ്ഥാനങ്ങളും തമ്മിലോ; അല്ലെങ്കിൽ

(ഗ) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിൽ,

ആ കൗൺസിലിന്റെ ശിപാർശകളിൽ നിന്നോ അവയുടെ നടപ്പാക്കലിൽ നിന്നോ ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കം ന്യായനിർണ്ണയം ചെയ്യുന്നതിന്, ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്.".

286-ാം അനുച്ഛേദത്തിന്റെ ഭേദഗതി

**13.** ഭരണഘടനയുടെ 286-ാം അനുച്ഛേദത്തിൽ,-

(i) (1)-ാം ഖണ്ഡത്തിൽ,-

(ക) "സാധനങ്ങൾ വിൽക്കുന്നതിന്മേലോ വാങ്ങുന്നതിന്മേലോ അങ്ങനെയുള്ള വിൽപനയോ വാങ്ങലോ................

........നടക്കുന്നിടത്ത്'' എന്ന വാക്കുകൾക്കു പകരം ''സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം, അങ്ങനെയുള്ള വിതരണം...................നടക്കുന്നിടത്ത്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഖ) (ഖ) ഉപഖണ്ഡത്തിൽ, ''സാധനങ്ങളുടെ'' എന്ന വാക്ക് കാണുന്ന രണ്ട് സ്ഥലങ്ങളിലും അതിനുപകരം ''സാധനങ്ങളുടേയോ സേവനങ്ങളുടേയോ അല്ലെങ്കിൽ രണ്ടിന്റെയുമോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഖണ്ഡത്തിൽ, ''സാധനങ്ങളുടെ വിൽപ്പനയോ വാങ്ങലോ .......... നടക്കുന്നത്'' എന്ന വാക്കുകൾക്കു പകരം ''സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

366-ാം അനുച്ഛേദത്തിന്റെ ഭേദഗതി

**14.** ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിൽ,-

(i) (12)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

'(12ക). ''ചരക്ക്-സേവന നികുതി'' എന്നാൽ മനുഷ്യരുടെ ഉപഭോഗത്തിനുള്ള മദ്യത്തിന്റെ വിതരണത്തിന്മേലുള്ള നികുതികൾ ഒഴികെ സാധനങ്ങളുടേയോ സേവനങ്ങളുടേയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണത്തിന്മേലുള്ള ഏതെങ്കിലും നികുതി എന്നർത്ഥമാകുന്നു;';

(ii) 26-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ

ചേർക്കേണ്ടതാണ്, അതായത്:-

'(26ക) "സേവനങ്ങൾ" എന്നാൽ സാധനങ്ങൾ അല്ലാത്തതെന്തും എന്നർത്ഥമാകുന്നു;

(26ഖ) 246ക, 268, 269, 269ക എന്നീ അനുച്ഛേദങ്ങളെയും 279ക അനുച്ഛേദത്തേയും സംബന്ധിച്ച് "സംസ്ഥാനം" എന്നതിൽ നിയമനിർമ്മാണ മണ്ഡലത്തോടുകൂടിയ ഒരു യൂണിയൻ പ്രദേശം ഉൾപ്പെടുന്നതാകുന്നു;'.

368-ാം അനുച്ഛേദത്തിന്റെ ഭേദഗതി

**15.** ഭരണഘടനയുടെ 368-ാം അനുച്ഛേദത്തിൽ, (2)-ാം ഖണ്ഡത്തിലെ പരിമിതിവ്യവസ്ഥയിലെ (ക) ഖണ്ഡത്തിൽ, "162-ാം അനുച്ഛേദത്തിലോ 241-ാം അനുച്ഛേദത്തിലോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "162-ാം അനുച്ഛേദത്തിലോ 241-ാം അനുച്ഛേദത്തിലോ 279ക അനുച്ഛേദത്തിലോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

ആറാം പട്ടികയുടെ ഭേദഗതി

**16.** ഭരണഘടനയുടെ ആറാം പട്ടികയിൽ, (8)-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡികയിൽ,-

(i) (ഗ) ഖണ്ഡത്തിൽ, അവസാനം കാണുന്ന "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (ഘ) ഖണ്ഡത്തിൽ, അവസാനം "കൂടാതെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (ഘ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" (ങ) കലാപരിപാടിയിന്മേലും വിനോദങ്ങളിന്മേലുമുള്ള നികുതികൾ.".

ഏഴാം പട്ടികയുടെ ഭേദഗതി

**17.** ഭരണഘടനയുടെ ഏഴാം പട്ടികയിൽ,-

(ക) ലിസ്റ്റ് I-ൽ യൂണിയൻ ലിസ്റ്റ്,-

(i) 84-ാം ഉൾക്കുറിപ്പിന് പകരം, താഴെപ്പറയുന്ന

ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"84. ഭാരതത്തിൽ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന താഴെപ്പറയുന്ന സാധനങ്ങളിന്മേലുള്ള ഏക്സൈസ് തീരുവകൾ, അതായത്:-

(ക) പെട്രോളിയം ക്രൂഡ്;

(ഖ) ഹൈസ്പീഡ് ഡീസൽ;

(ഗ) മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു);

(ഘ) പ്രകൃതി വാതകം;

(ങ) ഏവിയേഷൻ ടർബൈൻ ഇന്ധനം; കൂടാതെ

(ച) പുകയിലയും പുകയില ഉല്പന്നങ്ങളും.";

(ii) 92-ഉം 92ഗ-യും ഉൾക്കുറിപ്പുകൾ വിട്ടുകളയേണ്ടതാണ്;

(ഖ) ലിസ്റ്റ് II-ൽ സംസ്ഥാന ലിസ്റ്റ്,-

(i) 52-ാം ഉൾക്കുറിപ്പ് വിട്ടുകളയേണ്ടതാണ്;

(ii) 54-ാം ഉൾക്കുറിപ്പിന് പകരം, താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"54. പെട്രോളിയം ക്രൂഡ്, ഹൈസ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു), പ്രകൃതി വാതകം, ഏവിയേഷൻ ടർബൈൻ ഇന്ധനം, മനുഷ്യരുടെ ഉപഭോഗത്തിനുള്ള മദ്യം എന്നിവയുടെ, എന്നാൽ അങ്ങനെയുള്ള സാധനങ്ങളുടെ അന്തർസംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള വില്പനയോ അന്താരാഷ്ട്ര വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള വിൽപനയോ ഉൾപ്പെടാത്തതുമായ, വില്പനയിന്മേലുള്ള നികുതികൾ.";

(iii) 55-ാം ഉൾക്കുറിപ്പ് വിട്ടുകളയേണ്ടതാണ്;

(iv) 62-ാം ഉൾക്കുറിപ്പിന് പകരം, താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"62. ഒരു പഞ്ചായത്തോ ഒരു മുനിസിപ്പാലിറ്റിയോ

ഒരു പ്രാദേശിക കൗൺസിലോ ഒരു ജില്ലാ കൗൺസിലോ കലാപരിപാടികളിന്മേലും വിനോദങ്ങളിന്മേലും ചുമത്തുകയും പിരിക്കുകയും ചെയ്യുന്നത്രത്തോളമുള്ള നികുതികൾ.''.

ചരക്ക്-സേവന നികുതി പ്രയോഗത്തിൽ കൊണ്ടുവരുന്ന കാരണത്താലുള്ള വരുമാന നഷ്ടത്തിന് സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം

**18.** പാർലമെന്റ്, നിയമം മുഖേന, ചരക്ക്-സേവന നികുതി കൗൺസിലിന്റെ ശിപാർശയിന്മേൽ, ചരക്ക്-സേവന നികുതി നടപ്പിലാക്കുന്നതു മൂലം ഉണ്ടാകുന്ന വരുമാനനഷ്ടത്തിന് സംസ്ഥാനങ്ങൾക്ക് അഞ്ചു വർഷത്തെ ഒരു കാലയളവിലേയ്ക്കുള്ള നഷ്ടപരിഹാരത്തിനായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

പരിവർത്തന വ്യവസ്ഥകൾ

19. ഈ ആക്റ്റിൽ എന്തുതന്നെയായിരുന്നാലും, സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ മേലുള്ള നികുതി സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിനുതൊട്ടുമുമ്പ് ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിലെ, ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരം ഭരണഘടനയുടെ വ്യവസ്ഥകൾക്ക് സംഗതമല്ലാത്ത, ഏതെങ്കിലും വ്യവസ്ഥ ക്ഷമതയുള്ള ഒരു നിയമനിർമ്മാണ മണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതിവരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ അല്ലെങ്കിൽ അങ്ങനെയുള്ള ഭേദഗതിയുടെ പ്രാരംഭം മുതൽ ഒരു വർഷം അവസാനിക്കുന്നതുവരെ, ഏതാണോ ആദ്യം, അത് പ്രാബല്യത്തിൽ തുടരുന്നതാണ്.

വിഷമതകൾ നീക്കം ചെയ്യുവാൻ രാഷ്ട്രപതിക്കുള്ള അധികാരം

20.(1) ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഭരണഘടനയുടെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത (ഈ ആക്റ്റിനുള്ള രാഷ്ട്രപതിയുടെ അനുമതിയുടെ തീയതിക്ക് തൊട്ടുമുമ്പ് നിലവിലിരുന്ന പ്രകാരമുള്ള ഭരണഘടനയുടെ വ്യവസ്ഥകളിൽ നിന്ന് ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഭരണഘടനയിലെ വ്യവസ്ഥകളിലേക്കുള്ള പരിവർത്തനം സംബന്ധിച്ചുള്ള ഏതെങ്കിലും വിഷമത ഉൾപ്പെടെ) ഉണ്ടാകുന്നുവെങ്കിൽ രാഷ്ട്രപതിക്ക്, ഉത്തരവ് മുഖേന വിഷമത നീക്കം ചെയ്യുന്ന ഉദ്ദേശ്യത്തിനായി, ആവശ്യമെന്നോ യുക്തമെന്നോ രാഷ്ട്രപതിക്ക് തോന്നുന്ന പ്രകാരം ഈ

ആക്റ്റിനാലോ നിയമത്താലോ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഭരണഘടനയുടെ ഏതെങ്കിലും വ്യവസ്ഥയുടെ ഏതെങ്കിലും അനുയോജനമോ രൂപഭേദമോ ഉൾപ്പെടെ, അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും അങ്ങനെയുള്ള അനുമതിയുടെ തീയതി മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1) -ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016

കമ്മീഷൻ സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ചു.

06/12/18
S. H. CHITRA KUMARI
Addl. Law Secretary to Govt.
Law Dept., Govt. Secretariat
on OD as Chairperson
OL(L)C, Thiruvananthapuram

6/12/18
MINI BHASKAR S.
Additional Law Secretary
Law Department, Secretariat, on OD
as Member to Official Languages
[illegible]

6/12/18
SREEJA. K. S
Additional Law Secretary to Govt.
Govt. Secretariat, on OD as Member
Official Language (Legislative)
Commission, Kerala